# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 627** **29/06/2015-ൽ മറുപടിയ്ക്ക്**

### ജനനി - ജന്മരക്ഷാ ആരോഗ്യ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ. കെ. ബാലൻ : | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(ബഹു. പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | ജനനി-ജന്മരക്ഷാ ആരോഗ്യപദ്ധതി അട്ടപ്പാടിയിൽ നടപ്പാക്കുന്നുണ്ടോ; എങ്കിൽ എത്ര വർഷമായിട്ട് പ്രസ്തുത പദ്ധതി ഇവിടെ നടപ്പാക്കുന്നു; പദ്ധതി യുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | (എ) | നടപ്പാക്കിയിട്ടുണ്ട്.<br><br>എ.പി.എൽ / ബി.പി.എൽ ഭേദമില്ലാതെ കേരളത്തിലെ പട്ടിക വർഗ്ഗ വിഭാഗക്കാരായ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കുമായി പട്ടികവർഗ്ഗ വികസന വകുപ്പ്, 2013, 8-ാം മാസം മുതൽ ജനനി ജന്മരക്ഷ എന്ന പദ്ധതി നടപ്പാക്കി വരുന്നു. ഈ പദ്ധതിയിൽ പട്ടിക വർഗ്ഗ വിഭാഗത്തിലെ ഗർഭിണികൾക്കും ശിശുക്കൾക്കും പോഷകാഹാരം ഉറപ്പാക്കുക യാണ് പദ്ധതിയുടെ ലക്ഷ്യം. |
| (ബി) | എത്ര പേർക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചു എന്നും ഇപ്പോൾ എത്ര പേർക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചുകൊണ്ടി രിക്കുന്നുവെന്നും വ്യക്തമാക്കുമോ ; | (ബി) | അട്ടപ്പാടിയിൽ ടി പദ്ധതിയുടെ പ്രയോജനം 96 പേർക്ക് ലഭ്യമായിട്ടുണ്ട്. നിലവിൽ 755 പേർക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചു വരുന്നു. |
| (സി) | പ്രസ്തുത പദ്ധതിയ്ക്കായി അട്ടപ്പാടി ബ്ലോക്കിൽ ആകെ എത്ര രൂപാ ഇതു വരെ ചെലവഴിച്ചിട്ടുണ്ട്; | (സി) | അട്ടപ്പാടിയിൽ ആകെ 43,77,550/- രൂപ ചെലവഴിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭിച്ച സ്ത്രീകളുടെ കുഞ്ഞുങ്ങൾ മരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ഡി) | ജനനി ജന്മരക്ഷ പദ്ധതിയിൽ പ്രയോജനം ലഭിച്ച സ്ത്രീകളുടെ കുഞ്ഞുങ്ങൾ മരിച്ചതായി റിപ്പോർട്ട് ചെയ്തിട്ടില്ല. |
| (ഇ) | പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം യഥാസമയം ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചു; | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (എഫ്) | പ്രസ്തുത പദ്ധതി പ്രകാരമുള്ള ധനസഹായം മാസം തോറും വിതരണം ചെയ്യുന്നതിന് പകരം ഒരുമിച്ച് വിതരണം ചെയ്തിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ? | (എഫ്) | റിപ്പോർട്ടുകൾ ലഭ്യമാകാൻ വൈകുന്ന ചുരുക്കം ചില അവസരങ്ങളിൽ രണ്ട് ഗഡു തുകകൾ ഒന്നിച്ച് (2000/- രൂപ) അയച്ചു നൽകിയിട്ടുണ്ട്. 13/11/2014ന് അട്ടപ്പാടിയിലെ ഗുണഭോക്താക്കൾക്കും 01/04/2015ന് നെടുമങ്ങാട്, നിലമ്പൂർ ഐ.റ്റി.ഡി.പി.ക്കു കീഴിലെ ഗുണഭോക്താക്കൾക്കും ഇപ്രകാരം തുക അയച്ച് നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.